**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2401** **12-02-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിലെ ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലം ജില്ലയിലെ ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള ലൈഫ് ഭവന പദ്ധതിയുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ; | (എ) | കൊല്ലം ജില്ലയിലെ ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി പുനലൂർ, അഞ്ചൽ എന്നീ ഭവന സമുച്ചയ ങ്ങളാണ് ലൈഫ് മിഷൻ ഏറ്റെടുത്തിട്ടുള്ളത്.<br><br>പുനലൂർ ഭവന സമുച്ചയം 4 നിലകളിലായി നിർമ്മാണം പൂർത്തീകരിച്ച് 08/04/2023 ന് ബഹു.കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>63 ഗുണഭോക്താക്കൾക്കായി 6 നിലകളിലായി നിർമ്മിക്കുന്ന അഞ്ചൽ ഭവന സമുച്ചയത്തിന്റെ നിർമ്മാണം പുരോഗതിയിൽ ആണ്. 6 നിലകളുടേയും കോൺക്രീറ്റ് പൂർത്തി യായിട്ടുണ്ട്. പാർശ്വഭിത്തികളുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത ജില്ലയിൽ ലൈഫ് പദ്ധതിയിൻ കീഴിൽ നാളിതുവരെ എത്ര വീടുകളാണ് നിർമ്മിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കൊല്ലം ജില്ലയിൽ 31.01.2024 വരെ ലൈഫ് ഭവന പദ്ധതി മുഖേന 32,322 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ലൈഫ് ഒന്നാംഘട്ടം | 3618 |
| ലൈഫ് രണ്ടാംഘട്ടം (ഭൂമിയുള്ള ഭവനരഹിതർ) | 8546 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതർ) | 4262 |
| പി.എം.എ.വൈ അർബൻ | 6657 |
| പി.എം.എ.വൈ ഗ്രാമീൺ | 2888 |
| എസ്.സി വകുപ്പ് | 1986 |
| എസ്.ടി വകുപ്പ് | 152 |
| ഫിഷറീസ് വകുപ്പ് | 824 |
| മൈനോരിറ്റി | 107 |
| അഡീഷണൽ ലിസ്റ്റ് | 1937 |
| ലൈഫ് 2020 | 1345 |

| | | | | | |
|---|---|---|---|---|---|
| | | | | **ആകെ** | **32322** |

സെക്ഷൻ ഓഫീസർ